**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260** 13-07-2022 - ൽ മറുപടിയ്ക്ക്

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ ഫലം പ്രസിദ്ധീകരിക്കുകയും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പരീക്ഷ ഫലം കൂടി പ്രസിദ്ധീകരിക്കാനിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്ലസ് വൺ പ്രവേശനം കുറ്റമറ്റതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ തയ്യാറാക്കിയിട്ടുള്ള മികച്ച ഇ-ഗവേർണൻസ് സോഫ്റ്റ് വെയറിനുള്ള 3 ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഈ വർഷവും ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം വഴി പ്ലസ് വൺ പ്രവേശന പ്രക്രിയ നടപ്പിലാക്കുന്നത്. |
| (ബി) | ഇതിന് വേണ്ടി എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ തയ്യാറാക്കിയിട്ടുള്ള മികച്ച ഇ-ഗവേർണൻസ് സോഫ്റ്റ് വെയറിനുള്ള 3 ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഈ വർഷവും ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം വഴി പ്ലസ് വൺ പ്രവേശന പ്രക്രിയ നടപ്പിലാക്കുന്നത്. |
| (സി) | പ്ലസ് വൺ പ്രവേശനം നടത്തുന്നതിനായി ബ്ലൂ പ്രിന്റ് തയ്യാറാക്കി സ്ക്രീനിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവേശനം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിനാല് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം ആരംഭിച്ച വർഷം മുതൽ കാലാകാലങ്ങളായി സർക്കാർ ഉത്തരവിലൂടെ |

| | | | |
|---|---|---|---|
| | | | സർക്കാർ അംഗീകരിക്കുന്ന പ്രോസ്പെക്ടസ് അനുസരിച്ചാണ് അഡ്മിഷൻ നടപടികൾ നടക്കുന്നത്. പ്രവേശനം ലളിതവും സുതാര്യവുമായതിനാൽ മറ്റ് നടപടികൾ ആവശ്യമായി വരുന്നില്ല. |

സെക്ഷൻ ഓഫീസർ